# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 668 06.02.2013 - ൽ മറുപടിക്ക്

## ഭവനനിർമ്മാണ പ്രോജക്ടുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി. ജമീലാ പ്രകാശം<br>ശ്രീ. മാത്യൂ. ററി. തോമസ്<br>ശ്രീ. ജോസ് തെററയിൽ<br>ശ്രീ. സി.കെ. നാണു | | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും, നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഭവനനിർമ്മാണ ബോർഡിന്റെ നേതൃത്വത്തിൽ പുതിയ ഭവനനിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) എങ്കിൽ അവ ഏതെല്ലാം സ്ഥലത്തെന്ന് വിശദമാക്കാമോ; | (ബി) | ഭവനനിർമ്മാണ ബോർഡ് നടപ്പിലാക്കാനുദ്ദേശിക്കുന്ന പുതിയ ഭവനനിർമ്മാണ പദ്ധതികൾ താഴെ പറയുന്നവയാണ്.<br><br>1. <u>സുരഭി പദ്ധതി</u> - തദ്ദേശ സ്വയം ഭരണവകുപ്പ്/റവന്യൂവകുപ്പ് എന്നിവർ ലഭ്യമാക്കുന്ന ഭൂമിയിൽ ദുർബല വിഭാഗക്കാർക്ക് വീട് നിർമ്മാണത്തിനായി 2 ലക്ഷം രൂപ നിരക്കിൽ സർക്കാർ സബ്സിഡി ലഭ്യമാക്കുന്ന പദ്ധതി<br><br>2. <u>സാന്ത്വനം വാടക വീട് പദ്ധതി</u> - മെഡിക്കൽ കോളേജുകളിലും മററും ദീർഘകാലം മാരക രോഗങ്ങളുടെ ചികിത്സയ്ക്കായി ദൂരെ സ്ഥലങ്ങളിൽ നിന്നും വന്നു താമസിക്കേണ്ടി വരുന്നവർക്ക് മിതമായ വാടക നിരക്കിൽ താമസ സൗകര്യം ഏർപ്പെടുത്താനുള്ള |

നൂതന പദ്ധതി കോഴിക്കോട്
മെഡിക്കൽ കോളേജിനു സമീപം
ബോർഡിന്റെ കൈവശമുള്ള
സ്ഥലത്ത്
നടപ്പിലാക്കാനുദ്ദേശിയ്ക്കുന്നു.

3. കോഴിക്കോട്
ബംഗ്ളാദേശ് കോളനിയിലെ
കുടുംബങ്ങളുടെ പുനരധിവാസ
പദ്ധതി - രണ്ടാംഘട്ടം -115
വീടുകളുടെ
പുനർനിർമ്മാണവും, 25
വീടുകളുടെ അററകുററപണികളും
അടിസ്ഥാന സൗകര്യ വികസന
പ്രവർത്തികളും
നടപ്പിലാക്കാനുദ്ദേശിയ്ക്കുന്നു.
4. സാഫല്യം ഭവന പദ്ധതി -
രണ്ടാം ഘട്ടത്തിലൂടെ 250
ഫ്ളാററുകൾ നിർമ്മിക്കുന്നതിന്
ഉദ്ദേശിക്കുന്നു.
മേൽപ്പറഞ്ഞ പദ്ധതികൾക്കു
പുറമെ നഗരാതിർത്തിയ്ക്കു
പുറത്തു താമസിച്ചുകൊണ്ട്
നഗരത്തിൽ ജോലി ചെയ്യുന്ന
പാവപ്പെട്ട തൊഴിലാളികൾക്ക്
നഗരത്തിൽ കുറഞ്ഞ വാടകക്ക്
താമസസൗകര്യം
ലഭ്യമാക്കുന്നതിന്ഫ്ളാററുകൾ
നിർമ്മിച്ചു നൽകുന്ന
ഇന്നോവേററീവ് ഭവനപദ്ധതി
തിരുവനന്തപുരത്ത്പൂജപ്പുരയിൽ
മൂന്നാംഘട്ടമായും സർക്കാർ
ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ്
നിർമ്മാണ പദ്ധതിയുടെ Phase
III ദേവികുളത്തും,
കാസർഗോഡും
നടപ്പിലാക്കാനുദ്ദേശിക്കുന്നു.

| | | |
|---|---|---|
| (സി) ബോർഡിന്റെ വർദ്ധിച്ചു വരുന്ന ഭരണ ചെലവുകൾക്ക് പണം എങ്ങനെ കണ്ടെത്തുമെന്ന് വ്യക്തമാക്കാമോ; | | ഭവന നിർമ്മാണ ബോർഡിന്റെ ഭരണ ചിലവുകൾ ബോർഡിന്റെ പൊതു ഫണ്ടിൽ നിന്നാണ് കണ്ടെത്തുന്നത്. ബോർഡ് ഏറ്റെടുക്കുന്നതും, സർക്കാർ നിർദ്ദേശിക്കുന്നതുമായ ഭവന നിർമ്മാണ പദ്ധതികൾ/ ഭവന വായ്പാ പദ്ധതികൾ / വാടക വീട് പദ്ധതികൾ/ റവന്യൂ ടവറുകൾ/ കൊമേഴ്സ്യൽ കം ഓഫീസ് കോംപ്ലക്സുകൾ എന്നിവയിൽ നിന്നും ലഭിക്കുന്ന മേൽ നോട്ട ചാർജ്ജുകൾ /വരുമാനങ്ങൾ എന്നിവയും സർക്കാർ നൽകുന്ന വാർഷിക ഗ്രാൻറുകളുമാണ് ബോർഡിന്റെ പ്രധാന വരുമാന സ്രോതസുകൾ. നിലവിലുള്ള വിവിധ ഭവന പദ്ധതികൾ/ നിർമ്മാണ പ്രവർത്തികൾ എന്നിവ വിപുലീകരിച്ചും പുതിയ പുതിയ ഭവനവായ്പാ/നിർമ്മാണ പദ്ധതികൾ കൂടുതലായി ഏറ്റെടുത്തുകൊണ്ടും ഇതിനു പുറമെ കൺസൽട്ടൻസി ഡെപ്പോസിറ്റ് നിർമ്മാണ പ്രവർത്തികൾ വൻതോതിൽ ഏറ്റെടുത്തും ചിലവു ചുരുക്കിയും വരുമാനം വർദ്ധിപ്പിക്കുന്നതിനാണ് ഇപ്പോൾ ബോർഡ് ശ്രമിച്ചു വരുന്നത്. |
| (ഡി) ഉപഭോക്താക്കൾ വസ്തുവിനും, വീടിനും നൽകുന്ന തുകയിൽ നിന്ന് ഭരണ ചെലവുകൾക്ക് പണം വിനിയോഗിക്കുന്നുണ്ടോ; | (ഡി) | കളക്ഷൻ ഇനത്തിലും മറ്റുമായി ബോർഡിനു ലഭിക്കുന്ന എല്ലാ തുകകളും പൊതുവായ ഒരു അക്കൌണ്ടിൽ നിക്ഷേപിച്ച് ചെലവഴിക്കുകയാണ് നിയമാനുസൃതം ബോർഡ് ഇപ്പോൾ ചെയ്യുന്നത് |
| (ഇ) ഉപഭോക്താവിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഇ) | ഉപഭോക്താക്കളുടെ ഉത്തമ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് തികച്ചും സുതാര്യതയോടും, വിശ്വസ്തതയോടുമുള്ള അംഗീകൃത നടപടി ക്രമങ്ങളാണ് പാലിച്ചു വരുന്നത്. സർക്കാരിന്റെ എല്ലാ പരാതി പരിഹാര സംവിധാനങ്ങളും അതിനുപുറമെ വിവരാവകാശ നിയമവും സേവനാവകാശനിയമവും, ഭവന നിർമ്മാണ ബോർഡിനും ബാധകമാക്കിയിട്ടുണ്ട്. ബോർഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച എല്ലാവിവരങ്ങളും ഇപ്പോൾ ബോർഡിന്റെ ( www.kshb.kerala.gov.in)എന്ന വെബ്സൈറ്റിൽ പൊതുജനങ്ങൾക്കായി ലഭ്യമാക്കിയിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ